"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നംആയുഷ്എ3/172/2023/ആയുഷ്

ആയുഷ് (എ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 13-10-2023

## സർക്കുലർ

വിഷയം:- ആയുഷ് - ആയുർവേദ പാരാമെഡിക്കൽ കോഴ്സുകളുടെ വ്യാജസർട്ടിഫിക്കേറ്റ് ഉപയോഗിച്ച് വിദേശരാജ്യങ്ങളിൽ ഉൾപ്പെടെ ജോലി തേടുന്നത്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

സൂചന:- 1.Association of Certified Ayurveda Therapist (ACAT) State Committee സെക്രട്ടറിയുടെ 11.04.2023 ലെ അപേക്ഷ

2.ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 02.07.2023 ലെ 512/പി/2023/ഡിഎംഇ നമ്പർ കത്ത്

ആയുർവേദ പാരാമെഡിക്കൽ കോഴ്സുകളുടെ വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് വിദേശ രാജ്യങ്ങളിൽ ഉൾപ്പെടെ ജോലി തേടുന്നത് സംബന്ധിച്ച് അസോസിയേഷൻ ഓഫ് സർട്ടിഫൈഡ് ആയുർവേദ തെറാപ്പിസ്റ്റ് സംഘടനയുടെ സെക്രട്ടറി സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിരുന്നു.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തി വരുന്ന ആയുർവേദ പാരാമെഡിക്കൽ കോഴ്സുകളുടെ വ്യാജ സർട്ടിഫിക്കറ്റ് ചമച്ചു ഉദ്യോഗാർത്ഥികൾ കഴിഞ്ഞ കുറച്ചു കാലങ്ങളായി വിദേശരാജ്യങ്ങളിൽ ജോലി സമ്പാദിച്ചു വരുന്നതായും ദുബായ് ഹെൽത്ത് അതോറിറ്റി (DHA) ക്ക് കീഴിൽ ജോലി ചെയ്യുന്നവരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ചെയ്യുന്നതിലേക്കായി ഹൈദരാബാദ് കമലനഗറിൽ ഉള്ള ഡാറ്റാഫ്ലോ എന്ന സ്ഥാപനം മുഖേന സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് വേണ്ടി തപാൽ, ഇ-മെയിൽ എന്നിവ മുഖാന്തരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ള സർട്ടിഫിക്കറ്റുകളിൽ ധാരാളം വ്യാജ സർട്ടിഫിക്കറ്റുകൾ ലഭ്യമായിട്ടുണ്ടെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയുർവേദ തെറാപ്പിസ്റ്റ് കോഴ്സിന്റെ 2011 ജനുവരിയിൽ നടത്തിയ പരീക്ഷയിലെ രജിസ്റ്റർ നമ്പറുകൾ ആണ് വ്യാജ സർട്ടിഫിക്കറ്റുകൾ നിർമ്മിക്കുന്നതിന് ഏറ്റവും അധികം ഉപയോഗിച്ചിട്ടുള്ളത് എന്ന് പരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ , ഇത്തരം വ്യാജ സർട്ടിഫിക്കേറ്റുകൾക്കെതിരെ ശക്തമായ തുടർനടപടികൾ സ്വീകരിക്കേണ്ടതിനാൽ ചുവടെപ്പറയുന്ന നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

1.ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള കോളേജുകളിലെ പാരാമെഡിക്കൽ കോഴ്സുകളിലെ സർട്ടിഫിക്കറ്റുകളിൽ സുരക്ഷാ സവിശേഷതകൾ(security

features) ഉൾപ്പെടുത്തുന്നതിനുള്ള നടപടി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

2.ആയുർവേദ പാരാമെഡിക്കൽ കോഴ്സ് പാസ്സായ സർട്ടിഫിക്കേറ്റ് പരിശോധന നടത്തുന്ന സ്ഥാപനങ്ങൾ മാർക്ക് ലിസ്റ്റ് , ഐ.ഡി. കാർഡ് എന്നിവയുടെ പകർപ്പ് കൂടി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്.

3.വ്യാജ സർട്ടിഫിക്കേറ്റ് നൽകുന്ന സ്ഥാപനങ്ങൾ കണ്ടെത്തി ആവശ്യമായ നിയമനടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിക്കേണ്ടതാണ്.

4. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഒരു നാലംഗ സമിതി രൂപീകരിച്ച് വ്യാജ സർട്ടിഫിക്കേറ്റ് നൽകുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് അടിയന്തരമായി റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

ഡയറക്ടർ ജനറൽ ഓഫ് പോലീസ് , State Police Headquarters ,വെള്ളയമ്പലം , തിരുവനന്തപുരം

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർക്ക് (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്) ,കേരള ,തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ.
Date: 16-10-2023 11:37:54